1

# ജി.വി എച്ച്. എസ് .എസ് ദേവിയാർകോളനി



## ഡിജിറ്റൽമാഗസിൻ മിഷൻ2019

ഉള്ളടക്കം


എഡിറ്റോറിയൽ - സുഹൈൽ പി. എച്ച് (എഡിറ്റർ)

സന്ദേശം റ്റീ. സി. വാസന്തി ( എച്ച്. എം. ഇൻ ചാർജ്)

ആശംസ – റ്റി. എം. നൗഷാദ് ( പി. റ്റി. എ. പ്രസിഡൻറ്)

അലിവിൻെറനിറവ് -കവിത

ബാല്യകാലം-കവിത

കുട്ടയുംപ്ളാസ്റ്റിക് കിറ്റും-കാർട്ടൂൺ കവിത

നിലാവുപോലെ അമ്മ – കവിത

അമ്മ – കഥ

വിടരാൻ കൊതിച്ച പനിനീർപൂവ് - കവിത


ലിറ്റിൽകൈറ്റ്സ്

രണ്ടുകൂട്ടുകാർ - കഥ

പൊൻതൂവൽ - കഥ

അത് കായാമ്പൂവായിരുന്നു - കവിത

കുസൃതിചോദ്യങ്ങൾ -ആസിഫ്അലി

WORLD OF BOOKS -ASHVIN VINU

AMAZING FACTS -ASIF JAMAL

കടപ്പാട് - ലിറ്റിൽ കൈറ്റ്സ്

## ***സന്ദേശം***

*ദേവിയാർ കോളനി ജി . വി . എച്ച് . എസ് . എസ് 2018-2019 അധ്യയനവർഷത്തിൽ മിഷൻ 2019 എന്ന പേരിൽ ലിറ്റിൽ കൈറ്റ്സിൻെറ നേതൃത്വത്തിൽ തയ്യാറാക്കുന്ന മാഗസിൻ എല്ലാവർക്കും* ***അഭിമാനകരമാകുമെന്ന*** *കാര്യത്തിൽ സംശയമില്ല. കുട്ടികളിലെ കമ്പ്യൂട്ടർ പരിജ്ഞാനം വളർത്തിയെടുക്കാൻ സഹായകമാണ് ഈ പ്രവർത്തനം*



*എച്ച്. എം. ഇൻ ചാർജ്ജ്*

*ശ്രീമതി റ്റി. സി. വാസന്തി*

മഞ്ഞിനെൻറ നേർത്ത പാളികൾ ഭേദിച്ച് സൂര്യകിരണങ്ങൾ സുവർണ്ണശോഭ പരത്തുന്ന

കോടമഞ്ഞിനാൽ തണുത്തുറഞ്ഞു നിൽക്കുന്ന ഹൈറേഞ്ചിൻ മലനിരകൾ

സിരകളിൽ സാന്ദ്ര ശൈത്യം നിറച്ച് കണ്ണിണകളിൽ സമൃദ്ധ ഹരിതം നിറച്ച്

പച്ചപ്പട്ടുടുത്ത് ആതിഥേയായ് ഉടുത്തൊരുങ്ങി നിൽക്കുന്ന ദേവിയാർ

ദേവിയാറിൻ മകുടമായ് നിൽക്കുന്ന

ജി.വി.എച്ച്.എസ്.എസിൻ ചൈതന്യമായ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നിങ്ങൾക്കായ്

സമർപ്പിക്കുന്ന **മിഷൻ-2019 (ഡിജിറ്റൽ മാഗസിൻ) ന്** എല്ലാവിധആശംസകളും **അർപ്പിക്കുന്നു.**



റ്റി .എം.നൗഷാദ്

പി.റ്റി.എ പ്രസിഡന്റ്

## അലിവിന്റെ നിറവ്

**കൂരിരുൾ നീക്കിയെൻ ഉമ്മറത്തിണ്ണയിൽ**
**വന്നു നിലാവുപോലമ്മ**
**രാവിൽ ഇരുട്ടിൽ ഞാൻ അലഞ്ഞപ്പോൾ**
**പൊഴിഞ്ഞുനിലാവായി അമ്മ**
**മായാതെ മറയാതെ എന്നെ തലോടി**

കൂരിരുൾ മാറ്റിയാ സ്നേഹം

സ്നേഹമായി പുഞ്ചിരി തൂകി ആ

പ്രഭ കനിഞ്ഞു അറിവിൻെറ ദീപം.

സൂര്യനു താമരയെന്നപോലെ

ആമ്പൽ കൊതിക്കും നിലാവുപോലെ

ചൊരിയുന്നു ആ സ്നേഹം

എന്നെന്നുമെന്നുള്ളിൽ അറിവിൻെറ

നിറമായി സ്നേഹമായി.

വിഷമമിന്നുള്ളിൽ ഒതുക്കി വച്ച്

സ്വന്തനമാകുന്നു എൻെറ അമ്മ

ഉറങ്ങാത്ത രാത്രിയിൽ മാറോടു

ചേർത്തമ്മ എന്നെ ഉറക്കുന്നു സ്നേഹമായി

എന്നും മനസ്സിൻെറ ഉള്ളിൽ

നിറയണം ആ പ്രഭ

ഒരു നാളും മങ്ങാതെ

അഞ്ജന ഷാജി

# ബാല്യകാലം

കുസൃതിയുടെ പൂക്കാലം തന്ന ബാല്യം
നഷ്ടപ്പെട്ട ബാല്യത്തിൻെറ ഓർമകൾ
ഒരിക്കലും തിരിച്ച് കിട്ടാത്ത മധുരിക്കുന്ന
ഓർമകൾ നൽകിയ ആ കുട്ടിക്കാലം

ഇനിഓർമ്മകളിൽ മാത്രം .
കൈവള്ളയിൽ നേരിൻെറരേഖകൾ തെളിഞ്ഞിരുന്ന വാക്കുകളിൽ ഹൃദയം കൊരുത്തുകിടന്നിരുന്ന
ബാല്യത്തിലേക്ക് ഒരു മടക്കയാത്രപോകണം .
ചുമന്ന സുന്ദരിതക്കാളി
മുള്ളുടുപ്പിട്ടൊരു പാവയ്ക്ക എന്ന പാട്ടും പാടി ടീച്ചർ പഠിപ്പിച്ചുതന്ന നൃത്തച്ചുവടുകളും
കൂട്ടുകാരോടൊത്ത് കളിച്ച് ഉള്ള് നിറയെ സ്നേഹവും മുഖത്ത് ചിരിയും കൊണ്ടു നടന്നകാലം.
നാട്ടിൽനിന്ന് ആളുകൾ വരുമ്പോൾ താഴെ പറമ്പിൽപ്പോയി കപ്പപറിക്കുന്നതും പുഴയിൽ കളിക്കുന്നതും
അമ്മ അ എന്ന വണ്ടി വരച്ചുതരാമെന്ന്

പറഞ്ഞ് അ എഴുതാൻ പഠിപ്പിക്കുന്നതും
ഞാൻ ഓർക്കുന്നു ഇലതുമ്പുകളിൽ വീഴുന്ന
മഴയുടെ സംഗീതം പോലെ  വിശുദ്ദമായിരുന്നു
ഹൃദയത്തിൽ നിന്നുയരുന്ന ആ സൗഹൃദത്തിൻെറ സംഗീതം
ചുമന്ന ചാമ്പങ്ങയും ഉപ്പും മുളകും സ്കൂളിൽ കൊണ്ടുപോയി കൂട്ടുകാരോടൊപ്പം കഴിക്കുന്നത്
ഒരിക്കലും മായാത്ത ഒരു ഓർമ്മയാണ് നിറമുള്ള ബാല്യങ്ങളൊക്കെയും മനസ്സിൽ ചല്ലിട്ടുവെക്കണം
നഷ്ടത്തിൻെറ ഭിത്തിയിൽ ലാഭത്തിൻെറ വിളക്ക് തെളിക്കാൻ കാലങ്ങൾ
എത്ര മറഞ്ഞാലും ആ ഓമ്മകൾ
എന്നും മനസ്സിൽ നിന്ന് മായില്ല മറക്കില്ല
മായില്ല മറക്കില്ല

എൻെറ ബാല്യകാലം

ഫേബ ഷാജി **8A**

കാർട്ടൂൺ  കവിത

കുട്ടയും പ്ലാസ്റ്റിക് കിറ്റും

തെയ് തക തെയ് തക താരാ...
തകതിത്തെയ് തെയ് തക തരാ

കുട്ടയുമായി പോയോരെല്ലാം
കുട്ടയിലാക്കി പോരുന്നേ
കയ്യും വീശി പോയോരെല്ലാം
കിറ്റിലാക്കിപോരുന്നു

തെയ് തക തെയ് തക താരാ
തകതിത്തെയ് തെയ് തക തരാ

കുട്ടതട്ടിൽ തട്ടിൽ വക്കുന്നു
മുറ്റത്തെറിയുന്നു
മണ്ണിലാകെ നിറയുന്നു
അന്തകനാകും പ്ലാസ്റ്റിക്

തെയ് തക തെയ് തക താരാ...
തകതിത്തെയ് തെയ് തക തരാ

നിമിഷ.പി.മോഹനൻ

8A

## നിലാവ് പോലെ അമ്മ

സ്നേഹവും കുലീനതയും ഇത്തിരി ദേഷ്യവും
ഉള്ളൊരു മുഖം തേടിയലഞ്ഞു ഞാൻ
അവസാനമതാ ഇടുങ്ങിയ അടുക്കളയിൽ ചെന്ന്
അവസാനിച്ചു
ആരാണെന്ന് ഓർത്ത് ആരും അമ്പരന്നില്ല,
കാരണം ഏവർക്കും പരിജിതമായ
മല്ലിയുടെയും മുളകിൻെറയും അങ്ങനെ
സ്നേഹ കൂട്ടുകളുടെ മണമുള്ള അമ്മ.
പുകയത്ത് ഊതിയും പുകഞ്ഞും
നീറി നീറി ജീവിച്ചൊരാജീവൻ
ചാരവും കരിയും മുഖത്തുണ്ടെങ്കിലും
കഷ്ടപ്പാടിൻ പൂനിലാവ് ഉദിച്ചു നിൽക്കുന്ന
ആടിയും സ്വയം പറഞ്ഞും ഒറ്റയ്ക്ക്

ജീവിതം ആ ഇടുങ്ങിയ മുറിയിൽ
ഒതുക്കി തീർക്കുന്നു.
ആരും കരണ്ടില്ല,അറിയിച്ചുമില്ല
അനരുടെ ത്യാഗവും,സങ്കടവും
എങ്കിലും എല്ലാം ക്ഷമിച്ചും
സഹിച്ചും കഴിച്ചുകൂട്ടുന്നു
ഭക്ഷണ തളികയിൽ സ്ന്ഹം
നിറച്ച് എല്ലാവരെയും തൃപ്തരാക്കുമ്പോൾ
വിശപ്പടക്കി ക്ഷമ കൊണ്ട് വയറു
നിറക്കുന്ന അമ്മേ നിനക്കു പ്രണാമം
ഈ ജീവിതം മുഴുവൻ
നിനക്കായി നൽകിയാലും മതിയാവില്ല
ഒരിക്കലും നിന്റെ സ്നേഹത്തിനും,ക്ഷമക്കും
പകരം നൽകാൻ............

അപർണ ഷാജി
9B

## അമ്മ

ഒരിടത്ത് ഒരു അമ്മയും മകളും ഉണ്ടായിരുന്നു. അവൾക്ക് അച്ഛൻ ഉണ്ടായിരുന്നില്ല. വളരെ കഷ്ടപ്പെട്ടാണ് ആ അമ്മ തന്റെ മകളെ വളർത്തിയത്. എത്ര കഷ്ടപ്പാടുകൾ സഹിക്കേണ്ടി വന്നാലും തന്റെ മകളെ നല്ല രീതിയിൽ പഠിപ്പിക്കണമെന്നും അവൾക്ക് നല്ല ഒരു ജോലി വേണമെന്നും ആ അമ്മ ആഗ്രഹിച്ചിരുന്നു. അവരുടെ അച്ഛൻ ഒരു കർഷകൻ ആയിരുന്നു. അത്യാവശ്യം നല്ല നിലയിൽ ജീവിച്ചിരുന്നവരാണ് ഇവർ. അകാരണമായി അച്ഛന്റെ മരണത്തിൽ അവരുടെ സന്തോഷവും ഇല്ലാതായി. വളരെ കാലമായി രോഗിയായിരുന്നെങ്കിലും അവർ തന്റെ മകൾക്കു വേണ്ടിയാണ് ജീവിതകാലം മുഴുവൻ ഉപയോഗപ്പെടുത്തിയത്. തന്റെ ഭർത്താവിന്റെ മരണത്തിൽ നിന്നും മുക്തയാകാൻ ആ അമ്മ ഒരുപാട് നാളുകൾ എടുത്തു അവരുടെ കഠിനശ്രമത്തിന്റെ ഫലമായി അവർക്ക് തന്റെ മകളെ നല്ല നിലയിൽ തന്നെ വളർത്തിയെടുക്കാൻ സാധിച്ചു. എന്നാൽ അവരുടെ മകൾ പുതുതലമുറയിലെ കുട്ടിയായാണ് വളർന്ന് വന്നത്. അതിനാൽ തന്നെ അവൾക്ക്സ്നേഹവും കരുണയും വളരെ കുറവായിരുന്നു. അവൾക്ക് തങ്ങളുടെ സുഖങ്ങൾക്കു മാത്ര മായിരുന്നു മുൻഗണന

വളരെ കാലത്തിനു ശേഷം ആ മകൾ തങ്ങളുടെ അമ്മ ആഗ്രഹിച്ചിരുന്നത് പോലെ തന്നെ ഉയർന്ന നിലയിലെത്തി എന്നാൽ ആ മകൾക്ക് തന്നെ യാതൊരു വിധകഷ്ടപ്പാടുകളും അറിയാതെ വളർത്തി വലുതാക്കിയ അമ്മയെ സ്നേഹിക്കാനും മനസ്സിലാക്കുവാനുംകഴിഞ്ഞിരുന്നില്ല അവൾപഠിച്ചു ജോലി സമ്പാദിച്ചു എന്നാൽ അവൾക്ക് തങ്ങളുടെ അമ്മയ്ക്ക് സ്നേഹം തിരിച്ച് കൊടുക്കുവാൻ

കഴിഞ്ഞില്ല. ജോലിയും പണവുമെല്ലാം ലഭിച്ചപ്പോൾ അവൾ അമ്മയെ ഉപേക്ഷിച്ച് മറ്റ സ്ഥലങ്ങളിലേക്ക് പോയി. ആ അമ്മക്കിളി അവിടെ തനിച്ചാവുകയും ചെയ്തു. അനാഥത്ത്വത്തിലേക്ക് അവർ കടന്ന് പോയിക്കൊണ്ടിരുന്നഅത്ര നാൾ താൻ വളർത്തിയ തന്റെ മകൾ ഇന്ന് തന്നെ ഉപേക്ഷിച്ചിരിക്കുന്നു എന്ന സത്യം മനസ്സിലാക്കാൻ അവർക്ക് കഴിയുന്നില്ലായിന്നു. മണിനാദം നഷ്ടപ്പെട്ട കൊലുസ്സിന്റെ അവസ്ഥ ആയിരുന്നു ആ അമ്മക്ക്. കൊലുസ്സുകളുടെ പ്രത്യേകത അവയുടെ മണികളാണ്. അവ ഇല്ലാതായാൽ കൊലുസ്സ് ആർക്കും വേണ്ട. അമ്മയുടെ അവസ്ഥയും ഇതുതന്നെയാണ്.അമ്മയാണ് കൊലുസ്. അതിലെ മണികളാണ് മക്കൾ. മക്കൾ ഇല്ലാതായാൽ അമ്മയുടെ ജീവിതത്തിന് എന്താണ് അർത്ഥം. അവർ ആവർക്ക് വേണ്ടിയാണ് ജീവിക്കുക. എങ്കിലും ആ അമ്മ ജീവിച്ചു. തന്റെ മകൾ എന്നെങ്കിലും തന്റ അടുത്തേക്ക് വരുമെന്ന പ്രതീക്ഷയിൽ എന്നാൽ പാവം അമ്മ അറിഞ്ഞിരുന്നില്ല. ഇനി ഒരിക്കലും തന്റെ മകൾ തന്റെ അരുകിലേക്ക് അമ്മേ എന്ന് വിളിച്ചുകൊണ്ട് ഓടി വരില്ലന്ന സത്യം. അക്കാലമത്രയും തന്റെ മകൾക്കുണ്ടി ജീവിച്ച ആ അമ്മ എല്ലാ തരത്തിലും ഒറ്റപ്പെട്ടു. താൻ കഠിനാധ്വാനം ചെയ്ത് വളർത്തിയ മകൾ എവിടെയായിരുന്നാലും സന്തോഷമായിരിക്കട്ടെ എന്നവർ ആഗ്രഹിച്ചെങ്കിലും ഒരു വട്ടമെങ്കിലും തന്റെ മകളെ ഒന്ന് കാണുവാനും തന്റെ നെഞ്ചോട് ചേർത്ത് പിടിച്ച് അവരുടെ നെറ്റിയിൽ ഉമ്മവെക്കുവാനും അവരെ തലോടുവാനും ആ അമ്മ കൊതിച്ചുകൊണ്ടേ ഇരുന്നു

അങ്ങനെ ഒരു നാൾ

ആ മകൾവന്നു ആ അമ്മയെ കാണുവാനും കൂടെ കൊണ്ടുപോകുവാനും ആയിരുന്നില്ല. നാട്ടുകാരിൽ ആരോ പറഞ്ഞറിഞ്ഞ് പ്രായത്തിന്റെ എല്ലാ അവശതകളും പേറി മരണത്തിലേക്ക്

അടുത്തുകൊണ്ടിരുന്ന ആ അമ്മയെ ഏതെങ്കിലും വൃദ്ധസദനത്തിൽ എത്തിക്കുവാൻ വേണ്ടിയായിരുന്നു മകൾ അമ്മക്കരുകിൽ എത്തിയെങ്കിലും അമ്മയെ കാണുവാൻ വന്നില്ല. അവർ ആദ്യം ചെയ്തത് ഒരു വൃദ്ധസദനത്തിൽ ചെന്ന് അമ്മയെ അവിടെ താമസിപ്പിക്കുവാനുള്ള നടപടികൾ എല്ലാം തയ്യാറാക്കുവാൻ വേണ്ടിയായിരുന്നു. ആ നടപടി ക്രമങ്ങൾ എല്ലാം തയ്യാറാക്കിയതിന് ശേഷം ആ മകൾ വീട്ടിലേക്ക് പോയി.വീട്ടിലേക്ക് തന്നെ പോയി തന്റെ മകൾ     തന്നെ കാണാൻ വരുമെന്ന വാർത്ത  അറിഞ്ഞ ആ അമ്മ ഒരു പാട് സന്തോഷിച്ചു ആ അവസ്ഥയിലും അവർ ഒരു പാട് സന്തോഷവതിയായിരുന്നു. ഒരു വട്ട മെങ്കിലും തന്റെ മകളെ കൺനിറയെ കാണാൻ അവർകൊതിച്ചു. എന്നാൽ ആ മകൾ ഒരിക്കലും അമ്മയുടെ സ്നേഹം മനസ്സിലാക്കിയിരുന്നില്ല. സ്വന്തം മകളും വീട്ടുകാരും എല്ലാവരും കൈയ്യൊഴിഞ്ഞ ആ അമ്മയെ ആരും ഓർക്കാറില്ലായിരുന്നു. എല്ലാ രീതിയിലും ഒറ്റപ്പെട്ട ആ അമ്മയുടെ ആകെയുള്ള ആശ്വാസം തന്റെ മകൾ എന്നെങ്കിലും തന്നെ കാണാൻ വരുമെന്ന വിശ്വാസം മാത്രമായിരുന്നു. ആ ഒരു നിമിഷത്തിനായിആ അമ്മ ഒരു പാട് ആഗ്രഹിച്ചു. എഴുന്നേൽറ്റിരിക്കാൻ പോലും കഴിയാത്ത അവസ്ഥയിലും എല്ലാ ദിവസവും ആ അമ്മ വീടിന്റെ ഉമ്മറത്തിരുന്ന് വഴിയിലേക്ക് നോക്കുമായിരുന്നു. ആ വഴിയെ ആരെങ്കിലും വന്നാൽ അതു തന്റെ മക്കളാണോ എന്ന് അവർ ഏറെ നേരം നോക്കുമായിരുന്നു എത്ര രാത്രികളിൽ ആ അമ്മ ഉറങ്ങാതെ തന്റെ മകൾക്കുവേണ്ടി കാത്തിരുന്നു അവർ തന്നെ മറന്ന് തുടങ്ങിരിക്കുന്നു. ആ അമ്മക്കിളി കാത്തിപ്പ് തുടരുന്നു.

അങ്ങനെ ഒരു ദിവസം ആ അമ്മയുടെ മക്ൾ വീണ്ടും വന്നു. . അങ്ങനെ അവർ വളർന്നവീട്ടിൽ എത്തി. തങ്ങളുടെ  അമ്മയെ തിരഞ്ഞു. ഒരോ മുറിയും പരിശോധിച്ചു. അവിടെ ഒന്നും

അമ്മയെ അവർ കണ്ടില്ല. അസാനം ഒരു മുറിയുടെ വാതിക്കൽ അവർ എത്തിയപ്പോൾ കണ്ട കാഴ്ച
അവരെ ഞെട്ടിച്ചു തങ്ങളുടെ പ്രിയപ്പെട്ട അമ്മ മരിച്ച് കിടക്കുന്നകാഴ്ച്ചയാണ് കണ്ടത് മരിച്ച് കിടക്കുന്ന
സമയത്തും മണികളെല്ലാം പോയ ഒരു കൊലുസ്സ് ആ അമ്മയുടെ കൈകൾക്കുള്ളിൽ ഉണ്ടായിരുന്നു.
മണിനാദം എല്ലാം നഷ്ടപ്പെട്ട ഒരു കൊലുസ്സ് ആയിരുന്നു അത്. ആ മകൾ തങ്ങളുടെ അമ്മ
മരിച്ചതറിഞ്ഞ് ഒരു പാട് കരഞ്ഞു. അമ്മയുടെ കർമ്മങ്ങൾ എല്ലാം കഴിഞ്ഞു. അവർ തങ്ങളുടെ വീട്ടിലേക്കു
പോയി. പിന്നീട് ആ മകൾക്കു മനസ്സിലായി. തങ്ങളുടെ അമ്മ തങ്ങളെ എത്ര മാത്രം സ്നേഹിച്ചിരുന്നു
എന്ന്. പിന്നീട് ആ മകൾ തങ്ങളുടെ അമ്മയുടെ ഓർമ്മക്കായി ആ മണികളെല്ലാം നഷ്ടപ്പെട്ട ആ
കൊല്ലുസ്സ് സൂക്ഷിച്ചുവെച്ചു. അവർ ആ കൊല്ലുസ്സിനെ അമ്മയെ പോലെ സ്നേഹിച്ചു. അപ്പോൾ ആ
അമ്മയുടെ ആഗ്രഹം പോലെ ആ കൊല്ലുസ്സിലെ മണികളെല്ലാം അതിനോടൊപ്പം ചേർത്ത് അത്
സുന്ദരമായ കിലുങ്ങുന്ന ഒരു കൊലുസ്സായി മാറി.

അലൻറ ആൻ സജീവ്

10C

***<u>വിടരാൻ കൊതിച്ച  പനിനീർപ്പൂവ്</u>***

**മതിൽ കടന്നെത്തി  ഒരു  വികൃതിക്കുട്ടൻ**
**നോക്കി നിന്നു  ആ മൊട്ടിനെ**
**എൻ  വീടിൻ  മുറ്റത്ത്  മുന്നിലായി**

നട്ട് വളർത്തിയോരു കുഞ്ഞു പനിനീർച്ചെടി
വെള്ളം ആവശ്യത്തിന് മൂന്ന് നേരവും നൽകി
പരിപാലിച്ച് പോന്നൊരു പനിനീർച്ചെടി

ബന്തിയും ജമന്തിയും പൂവിട്ടുവെങ്കിലുമെന്തെ മൊട്ടിട്ടില്ല എൻ കുഞ്ഞിച്ചെടി
മറ്റു പൂക്കൾ തൻ പരിഹാസം കേട്ടിട്ടോ
എൻ വിലാപം കണ്ടിട്ടോ
ഒരു നാൾ എൻ മുന്നിലായ് മൊട്ടിട്ടു നിന്നു
ജീവിത നൗക തൻ പ്രയാണം തുടങ്ങി
ആ മൊട്ടു പതിയെ വളർന്നു വന്നു
കൂടുതൽ പരിചരണം നൽകി ഞാനും
മൊട്ടിന്നു കാവലായി നിന്നു വന്നു

ചുണ്ടിൽ ചെഞ്ചായം തേച്ചപോലെ
ഒരുചുവപ്പൻ വര ദൃശ്യമായി
കേൾക്കുന്നുണ്ടാവാം പ്രകൃതിതൻ
ശബ്ദവും ആഘോഷഘലർഷാരവങ്ങളും

ഒരു പക്ഷെ സ്വപ്നം കണ്ടിരിക്കാം

പൂമ്പാറ്റകോൾകൊത്ത്  കളിയാട്ടുവാനായ്
ഒരു  പക്ഷെ  ആഗ്രഹിച്ചിരിക്കാം
എൻ മുഖമൊന്ന് കാണുവാനായ്

ഞാനും കാത്തിരുന്ന  ആ
സുഗന്ധമൊന്ന്  ആസ്വദിക്കാൻ
ഒരു വൈകുന്നേരം  ഞാൻ മൊട്ടിനു  സമീപമിരിക്കവെ
അബദ്ധത്തിൽ ഉറക്കത്തിലാണ്ടുപോയ്
നിരവധി ആഗ്രഹം  ഉള്ളിലൊതുക്കി നിന്ന
ആ പൂമൊട്ടു  ചെടിയിൽ  നിന്നു  പറിച്ചുമാറ്റി

ഞെട്ടിത്തരിച്ചുപോയ്  എൻ  മനം
ക്രൂരമാം  ദൃശ്യത്താൽ  വിങ്ങിപ്പൊട്ടി
നിശ്ചലമായി  കിടന്ന  ആ  പൂമൊട്ട്  നിത്യവും
ഉറക്കത്തിൽ  വന്നെൻ  ചെവിയിൽ  ദുഖങ്ങൾ മന്ത്രിക്കുന്നു

ജ്യോതിക പി എസ്
9A

## ഒരു കാട്ടിലെ രണ്ട് കൂട്ടുകാർ

ഒരിക്കൽ ഒരു കാട്ടിൽ രണ്ട് കൂട്ടുകാർ (ജമ്പനും തുമ്പനും) ഉണ്ടായിരുന്നു അവർ ഇരുവരും നല്ല സ്നേഹിതരായിരുന്നു അപ്പോൾ അവരുടെ കാടിനക്കരെ ഒരു വലിയ മലയുണ്ടായിരുന്നു. ഒരിക്കൽ ഇരുവർക്കും ആ മലയിൽ പോകണം എന്ന് വലിയ ഒരാശ തോന്നി അവർ ഇരുവരും അവിടേക്ക് യാത്ര തിരിച്ചു അവിടെ ചെന്നപ്പോൾ അവർക്ക് വലിയ തണുപ്പ് അനുഭവപ്പെട്ടു അപ്പോൾ അവർ കാട്ടിലെ രാജാവായ സിംഹത്തിൻെറ ഗുഹയിൽ എത്തി അവർ അതിനുള്ളിൽ കയറിഇരിപ്പായി .

അപ്പോൾ അതുവഴി വന്ന സിംഹരാജൻ ഇരുവരെയും കണ്ട് എനിക്ക് ഇന്നത്തേക്കുള്ള ഭക്ഷണമായി എന്ന് പറഞ്ഞ് സന്തോഷമായി പക്ഷേ സിംഹത്തിനെ അവരിൽ ഒരുവൻ കണ്ടു അവൻ തൻെറ കൂട്ടുകാരനോട് ഓടിക്കോഎന്ന് പറഞ്ഞിട്ട് ഒരുവൻ രക്ഷപെട്ടു എന്നാൽ കൂട്ടുകാരനെ ഒരു വള്ളി ചുറ്റിയതിനാൽ അവന് ഓടാനായില്ല .ആ സിംഹം അവനിലെക്കടുത്തപ്പോൾ രക്ഷപെട്ട കൂട്ടുകാരൻ തൻെറ കൂട്ടുകാരനെ രക്ഷിക്കാൻ ഒരു മാനിൻെറ ശവശരീരം വലിച്ചു കൊണ്ട് പോയി സിംഹത്തിൻെറ മുൻപിലിട്ടു അപ്പോൾ സിംഹം വലിയ മാൻ കിടക്കുമ്പോൾ എനിക്ക് എന്തിനാണ് ഈ ചെറിയ മുയൽ എന്ന് വിചാരിച്ച് മാനിൻെറ അടുത്തേക്ക് പോയതക്കത്തിന് മുയൽ തൻെറ കുട്ടുകാരനെ രക്ഷപെടുത്തി ഇരുവരും അവരുടെ കാട്ടിലേക്ക് തിരിച്ചുപോയി

ജിനോ  പി .എസ്

9 B

പൊൻ തൂവൽ

കിഴക്കേ പാടത്തിനോട് കുറച്ചു ഉള്ളിലേക്ക് കടന്നു നോക്കിയാൽ ഒരു ഉൾഗ്രാമം കാണാം. അവിടെ അധുനിക സംവിദാനങ്ങൾ ഒന്നും ഇല്ലാത്ത ഒരുപറ്റം ആളുകൾ അവിടുത്തെ നല്ലവനായ ഉണ്ണിയാണ് നമ്മൾ

കാണുന്ന കഥാപാത്രം.

S.S.L.C ക്ക് ടൗണിൽ പോയി പഠിക്കുന്ന ആ ഗ്രാമത്തിലെ കുട്ടിയാണ് ഉണ്ണി. അവന്റെ മുത്തച്ഛന്റെ  ആഗ്രഹമായിരുന്നു അവന്റെ അച്ഛനെ പഠിപ്പിച്ച് വലിയാ ആളാക്കണമെന്നത്. പക്ഷെ അവനെ വളർത്താൻ കഷ്ടപ്പെട്ടതു കൊണ്ട് അവന്റെ അച്ഛൻ ഉണ്ണിയിലൂടെ സ്വപ്നത്തെ യാഥാർത്ഥ്യം

ആക്കാൻ തീരുമാനിച്ചു.

വീട്ടിലെ കഷ്ടപ്പാടും ദുരിതവും കണ്ടു വളർന്ന ഉണ്ണി സ്കൂളിലെ അലമ്പ് കുട്ടുകൾക്ക് ഒന്നും കൂടാതെ മാന്യമായി പഠിച്ചു അതുകൊണ്ടു തന്നെ അവനും കൂടി ആയിരുന്നു ആ വർഷത്തെ ആസ്കൂളിൻെറ റാങ്ക് സ്വപ്നം.

മകൻെറ വളർച്ചയിൽ അഭിമാനം കൊണ്ട പിതാവ് അവന് ദിവസവും അളവിൽ കവിഞ്ഞ പണം നൽകി വിടാറുണ്ടായിരുന്നു ചെറുപ്പത്തിലെ അമ്മ നഷ്ടപ്പെട്ട ഉണ്ണിക്ക് അച്ഛനായിരുന്നു എല്ലാം

അങ്ങനെയിരിക്കെ ഒരു ദിവസം അവരുടെ സ്കൂളിൽ ആനുവേഴ്സറിയോടനുബന്ധിച്ച് ഉള്ള കാര്യ പരിപാടികൾ നടക്കുകയായിരുന്നു പരിപാടികൾ കണ്ടുകൊണ്ടിരുന്ന ഉണ്ണിയെ ആ സ്കൂളിൽ പഠിക്കുന്ന കുറച്ചു കുട്ടുകാർചേർന്ന് വിളിച്ചുകൊണ്ട് പോയി. അവർ അവനോട് ഒരു സഹായം ആവശ്യപ്പെട്ടു . അവരുടെ കൈയ്യിൽ ഇരുന്ന ഒരു പൊതി കുറച്ചു നേരത്തെ രക്ഷക്കു വേണ്ടി ഇത് ഉണ്ണിയുടെ ബാഗിൽവെക്കണം ഉണ്ണിയെ ടീച്ചറിന് വിശ്വാസമുള്ളത് കൊണ്ട് ഉണ്ണിയുടെ ബാഗ് പരിശോദിക്കില്ല എന്നായിരുന്നു അവരുടെ വാദം . കുട്ടുകാരെ പിണക്കാനാവാത്തതുകെണ്ട് ഉണ്ണി അതിന് സമ്മതിക്കുകയും ചെയ്തു. പക്ഷേ മറ്റൊന്നായിരുന്നുസംഭവിച്ചത്എല്ലാവരുടെയും ബാഗ് പരിശേധിച്ചകൂടെ ഉണ്ണിയുടെ ബാഗും പരിശോധിച്ചു. അവർക്ക് ആ പൊതി കൈയ്യിൽ കിട്ടി

ടീച്ചർമാരുടെ മാറിമാറിയുള്ള ചോദ്യം ഇത് എവിടെന്ന് കിട്ടിയെന്ന് . അവരുടെതാണെന്ന് പറഞ്ഞാൽ കൈയിൽ കിട്ടിയാൽ അവർ ഇടിക്കും.

അത് പേടിച്ച് അവൻ അത് തൻെറതാണെന്നു പറഞ്ഞു അവൻെറ വീട്ടിൽ നിന്നും അച്ഛനെ വിളിപ്പിച്ചു .ഇത് കേട്ടപ്പോൾ തന്നെ അവൻെറ അച്ഛൻ സ്കൂളിൽ വച്ച് ഉണ്ണിയെ തല്ലാൻ തുടങ്ങി തനിക്കൊരു അറിവും ഇല്ലന്ന് പറഞ്ഞിട്ടും അച്ഛൻ കേട്ടില്ല.വൈകിട്ട് വീട്ടിലേക്ക് വന്നേക്കരുത് എന്ന് ആവർത്തിച്ച് പറഞ്ഞിട്ട് അച്ഛൻ പോയി.

ആകെ പേടിച്ച് പോയ ഉണ്ണി എങ്ങനെ വീട്ടിൽ കയറുമെന്ന് പരിഭ്രാന്തനായി വിഷമിച്ചുകൊണ്ടിരിക്കുകയായിരുന്നു അപ്പോൾ എന്തായാലും ചെയ്യാത്ത കുറ്റത്തിന് പഴികേൾക്കുന്നെ എന്നു പറഞ്ഞ കൂട്ടുകാർ അവന് DRUGS നൽകി.

അത് ശരിയാണെന്ന് കരുതിയ ഉണ്ണി അന്ന് ജീവിതത്തിൽ ആദ്യമായിട്ട് drugs ഉപയോഗിച്ചു പടമായി.വൈകിട്ട് മകനെകാണാഞ്ഞിട്ട് അന്വേഷിച്ചു വന്നഅച്ഛൻ മകൻെറ അവസ്ഥകൺട് വിഷമിച്ചു.മകനെസ്നേഹത്തോടെ തലോടി വീട്ടിലേക്ക് കൊണ്ട് പോയി.അവർസുഖമായിജീവിച്ചു.

അമൽപ്രേം

10B

അത് കായാമ്പൂവായിരുന്നു......

കായാമ്പൂവേ അറിഞ്ഞിരുന്നില്ല ഞാൻ
നീ കായാമ്പൂവായിരുന്നെന്ന്.
പുസ്തകത്താളിലെ ചിത്രത്തിൽ നിന്നു
ഞാൻ കണ്ടറിഞ്ഞു നീ  കായാമ്പൂവെന്ന്
ആടിനെ മേച്ചൊരു കുന്നിൻ ചെരുവിലും
ഓടിക്കളിച്ചൊരാ പൊന്തകൾക്കുള്ളിലും
പണ്ടേ നിന്നെ കണ്ടിരുന്നു.
നിന്നെത്തിരഞ്ഞു ഞാനെത്തി വീണ്ടുമാ
കുന്നിൻചരിവിലും പൊന്തകൾക്കുള്ളിലും
ഇല്ല കണ്ടതില്ലെങ്ങുമേ നിലച്ച നിൻ മുഖം
എങ്ങു പോയ് എങ്ങു പോയ് കാട്ടുപൂവേ നീ
ഇത്തിരി പൂവേ കായാമ്പൂവേ
നാളുകൾക്കിപ്പുറമിന്നലെ ഞാൻ
കണ്ടു ഒരു വേള നിന്നെ
അമ്പലക്കുന്നിൻെറ ഉച്ചിയിൽ നീ
ഉച്ചമയക്കത്തിലായിരുന്നു.
ശരവേഗമെൻമനം പായുന്നു പിന്നോട്ട്
തെളിവാർന്നൊരോർമ്മതൻ ചെപ്പു തുറക്കാൻ
മിഴിവാർന്നു നിൽക്കുമെന്നോർമകൾക്കിന്നും

എന്തു സുഗന്ധമാണെന്നോ.
ഉച്ചയ്ക്കു പോലുമിരുളാർന്ന കാടിനു
നിൻ നിറമെത്രയോ മാറ്റുകൂട്ടി
തുടലിപ്പഴം നാവ് കറുത്തതും
കനലിതൻ കായ പറച്ചു കളിച്ചതും
വെച്ചട്ടുകല്ലാം കുഴിക്കുള്ളിലായി കാട്ടു
കോഴി തന്നിണയെ കുറുകി വിളിച്ചതും
ചെങ്കണ്ണു പേടിച്ചു മേന്തോന്നിപ്പൂവിൻെറ
ഭംഗിയെ കാണാതെ മാറിനടന്നതും
ചോര ചുവപ്പാർന്നൊരുപ്പൻെറ കണ്ണുകൾ
പേടിപ്പെടുത്തുന്നൊരോർമ്മയായിരുന്നു
എത്രയോ രാവുകൾ പേക്കിനാക്കണ്ടു കരഞ്ഞതും
അമ്മതൻ തല്ലും തലോടലുമേറ്റതും
ഇന്നലെയെന്ന പോൽ മനതാരിൽ തെളിയുന്നു.
കഥയെത്രകൈമാറി കാട്ടുപൂവേ
നാം കഥയെത്ര കൈമാറി കായാമ്പൂവേ
മങ്ങാതെ മായാതെ നിന്നിടുമോ
ഈ കൊച്ചുകുന്നിൻ ചരിവിലെന്നും
കണ്ണൻെറ നിറമായും കവിതയായും

നീയെന്നുമെന്നുള്ളിൽ നിറഞ്ഞുനിൽക്കും
ഇത്തിരിപ്പൂവേ നീ കാട്ടുപൂവേ
കുഞ്ഞരിപ്പൂവേ നീ കായാമ്പൂവേ.

ടീച്ചർ ഇൻ ചാർജ്
റ്റി .സി .വാസന്തി

കുസൃതി ചോദ്യങ്ങൾ

ആരും ആഗ്രഹിക്കാത്ത പണം-ആരോപണം

തലയിൽ കാലുവച്ച് നടക്കുന്ന ജീവി- പേൻ

വെള്ളത്തിൽ വീണാൽ നനയാത്ത വസ്തു - നിഴൽ

വെട്ടുന്തോറും നീളം കൂടുന്നത് - വഴി

സർക്കാർ ജീവനക്കാർ ഇഷ്ടപ്പെടുന്ന ദിവസം - അവധി ദിവസം

ഏറ്റവും ചെറിയ പാലം - മൂക്കിന്റെ പാലം

നട്ടാൽ മുളക്കാത്ത പയർ - അമ്പയർ

വാഹനങ്ങളുമായി ബന്ധപ്പെട്ട നൃത്തരൂപം - ബ്രേക്ക് ഡാൻസ്

ആസിഫ് അലി ( 10 എ)

# പ്രളയം

മഴ വന്നു മുറ്റം നിറഞ്ഞു
ആളുകളെല്ലാം ഓടി വീടും പൂട്ടി
വെള്ളം പൊങ്ങി വീടുകൾ വിഴുങ്ങി
കുടുങ്ങി പലരും അവിടെ
ഒരു കാലത്ത് നഷ്ടപ്പെടുത്തിയ
അന്നത്തിൻ വില അവരറിഞ്ഞു.
ക്യാമ്പിലവർ ഒന്നായി സങ്കടങ്ങൾ പങ്കുവച്ചു .
ഓണം ഒന്നിച്ചാഘോഷിച്ചു
സ്നേഹം പങ്കുവച്ചു
ഐക്യത്തിൽ പുതിയൊരു വാതിൽ
തുറന്നു അവരവിടെ!
മഴ മാറി  വീടുകൾ മങ്ങി

മഴ മാറി  വീടുകൾ മങ്ങി
ചെളിയും  പുരന്ന് കിടന്നിടുന്നു
വീട്ടുസാമാനങ്ങൾ  നശിച്ചു.
മിക്സി, ടി.വി,  തേപ്പുപെട്ടി

# വൈദ്യുതോപകരണങ്ങൾ നശിച്ചു

നന്ദന പി.ബി

8c

പ്രകാശമായ്

മണ്ണിൽ ഞാൻ പിറന്നനാൾ-
മുതതലെൻ നിഴലായ് കൂടെയുണ്ടെൻറമ്മ
ഓരോ നേരവും പിരിയാത്ത
തുണയായെൻ കൂടെൻറമ്മ

പുലരുമ്പോൾ സൂര്യനായ് തുടങ്ങി
ഇരുളുമ്പോൾ നിലാവായ് മാറിടുമെൻ അമ്മ
ഭൂമിൽ വെളിച്ചമേകാൻ വരും നിലാവുപോൽ

എൻ ജീവിതത്തിലെ നിലാവാണെൻ അമ്മ

ലോകത്തെ ഞാൻ നോക്കുന്നില്ല
എൻ ജീവന്റെ തുടിപ്പായെൻ
അമ്മയുണ്ടല്ലോ എന്നും കൂടെ
നിറതേജസ്സോടെ നിലാവെട്ടമേകാൻ

പാതകൾ തെറ്റാതെ ഇരുൾപാത കാണാതെ
ഞാൻ പോകുന്ന കാരണമെൻ -
ജീവിതത്തിലെ നിലാ വെട്ടം കൂടെയുള്ളപ്പോൾ
അമ്മതൻ വേട്ടമുള്ളമ്പോൾ എങ്ങനെ മാറും
ഇരുൾ പാതകൾ എൻ അമ്മതൻ
വെട്ടമുള്ളതിൽ നിലാവുപ്പോൽ
പ്രകാശിച്ച നിന്നീടുന്ന കാരണമെൻ
ജീവിതത്തിലെ നിലാ വെട്ടമാണെന്നമ്മ
മുഹമ്മദ് റാഷിദ്
9B

## World of books

'A room without books,is a body without  a soul' we cannot forget this inspiring quote by Cicero Surely enough I do believe that,a person who reads a book lives a thousand lives ,but aperson who doesn't even read one book lives only one life. Books are the part and parcel of life .They help as to our vocabulary,our accent,our knowledge and our creative skills.Books help as sour in to the world of imagination and dreams.They help us to fly with fairies ,have some adventures with Mowgli,travel around the world in80 days or perhaps have a race with lion king There are many kinds of books  such as fiction, adventure, comics,novel,fairy tales,classics etc.Books are made compulsory in education at all levels.

Being the world's greatest greatest discovery,books help us experience a newlife;new world.with books children can go to greater heights and achieve success.They mould the future of each and every child.Books are man's best friends.

We should encourage children to read good books so as to enrich their knowledge

ASHVIN VINU

. **9A**

# AMAZING FACTS

***  The longest world in english language according to OxfordEnglishDictionaris,”pneumonoultramicroscopisil  icovolcanoconiosics”s.**

***  The only letter world that can be spelled without  repeating a letter is “ uncopyrightable” .**

***  A snail can be sleep for three years.**

***  Our eyes are always the same size from birth but  our nose and ears never stop growing.**

***  Rats and horses can't vomit.**

**ASIF JAMAL**

**9A**

# കടപ്പാട്

**ഈ  ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കിയ ജിവിഎച്ച്എസ്എസ് സ്കൂളിലെഎല്ലാഅംഗങ്ങളോട്ടുംഇതിൻെറഅണിയറപ്രവർത്തകരോട്ടുംഉള്ള അകമഴിഞ്ഞ കടപ്പാട്ടും**

നന്ദിയും അറിയിച്ച്കൊള്ളുന്നു

ലിറ്റിൽ കൈറ്റ്സ്

മിഷൻ2019